പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 370 | 10.06.2014-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത നിയമസഭാ മണ്ഡലങ്ങളിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ; | (എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ഇടുക്കി ഒഴികെയുള്ള 13 ജില്ലകളിലും ആർ.ജി.ജി.വി.വൈ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 01.08.2014നകം കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലും 30-09-2014നകം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ആർ. ജി. ജി. വി. വൈ പദ്ധതി പത്താം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയിരുന്നു. |
| (ബി) നിലവിൽ ഏതെല്ലാം വിഭാഗക്കാർക്കാണ് സൗജന്യമായി വൈദ്യുത കണക്ഷൻ നൽകുന്നത് ; വിശദമാക്കുമോ ? | (ബി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പ്രകാരം ഒരു വിഭാഗങ്ങൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ നൽകുവാൻ 01.04.2014 മുതൽ വ്യവസ്ഥയില്ല. എന്നാൽ മുൻ കാലങ്ങളിൽ നൽകിയിരുന്ന സൗജന്യ വൈദ്യുതി കണക്ഷൻ SC/ST, BPL വിഭാഗങ്ങൾക്ക് നൽകുവാൻ 09.05.2014 ലെ B.O (FTD) No. 1344/2014 (KSEB/TRAC/Supply Code 2014/R2/2014) എന്ന ഉത്തരവിലൂടെ വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്.<br>ടി ഉത്തരവു പ്രകാരം ലൈൻ നീട്ടൽ ആവശ്യമില്ലാത്ത 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള SC/ST വിഭാഗങ്ങൾക്കും, 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള BPL വിഭാഗങ്ങൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കാവുന്നതാണ്. വൈദ്യുതി ബോർഡ് നിശ്ചയിക്കുന്ന Target ന്റെ അടിസ്ഥാനത്തിലായിരിക്കും ഇവ ലഭ്യമാകുക. |

സെക്ഷൻ ഓഫീസർ.